## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4602** **02-07-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം-കുട്ടമ്പുഴ ബംഗ്ലാവ് കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം-കുട്ടമ്പുഴ ബംഗ്ലാവ് കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യത്തിന്മേൽ വനം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ബംഗ്ലാവുകടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആവശ്യമായി വരാവുന്ന വനഭൂമിയുടെ അളവ് നിശ്ചയിക്കുന്നതിനായുള്ള സർവ്വെ പ്രവർത്തനങ്ങൾക്കുള്ള അനുമതി ലഭ്യമാക്കുന്നതിനായി യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് പരിവേഷ് പോർട്ടലിൽ FP/KL/SRY/437664/2023 നമ്പരായി അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ, പ്രസ്തുത പാലം നിർമ്മിക്കുന്നത്, ആ പ്രദേശത്തെ വന്യമൃഗ സമ്പത്തിനെയും വനസമ്പത്തിനെയും പ്രതികൂലമായി ബാധിക്കുമെന്നതിനാലും കൂടുതൽ ആളുകൾക്ക് എളുപ്പത്തിൽ വനത്തിൽ എത്തിച്ചേരാനും പുല്ല്, വിറക് ശേഖരണം, വേട്ടയാടൽ തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് കാരണമാകുമെന്നതിനാലും ഭൂതത്താൻകെട്ട് മുതൽ കുട്ടമ്പുഴ വരെ ഗതാഗത യോഗ്യമായ റോഡ് നിലവിലുള്ളതിനാലും മേൽ അപേക്ഷ ശുപാർശ ചെയ്തിട്ടില്ലാത്തതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ടി അപേക്ഷ 20.02.2024 ന് നിരസിക്കുകയുണ്ടായി. |
| (ബി) | കാലതാമസം ഒഴിവാക്കി പ്രസ്തുത പാലം നിർമ്മിക്കുന്നതിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ബംഗ്ലാവുകടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആവശ്യമായി വരാവുന്ന വനഭൂമിയുടെ അളവ് നിശ്ചയിക്കുന്നതിനായുള്ള സർവ്വെ പ്രവർത്തനങ്ങൾക്കുള്ള അനുമതി ലഭ്യമാക്കുന്നതിനായി യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് പരിവേഷ് പോർട്ടലിൽ FP/KL/SRY/437664/2023 നമ്പരായി അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ, പ്രസ്തുത പാലം നിർമ്മിക്കുന്നത്, ആ പ്രദേശത്തെ വന്യമൃഗ സമ്പത്തിനെയും വനസമ്പത്തിനെയും പ്രതികൂലമായി ബാധിക്കുമെന്നതിനാലും കൂടുതൽ |

| | | | |
|---|---|---|---|
| | | | ആളുകൾക്ക് എളുപ്പത്തിൽ വനത്തിൽ എത്തിച്ചേരാനും പുല്ല്, വിറക് ശേഖരണം, വേട്ടയാടൽ തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് കാരണമാകുമെന്നതിനാലും ഭൂതത്താൻകെട്ട് മുതൽ കുട്ടമ്പുഴ വരെ ഗതാഗത യോഗ്യമായ റോഡ് നിലവില്ലുള്ളതിനാലും മേൽ അപേക്ഷ ശുപാർശ ചെയ്തിട്ടില്ലാത്തതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ടി അപേക്ഷ 20.02.2024 ന് നിരസിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ